**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 228** **22-07-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികളുള്ള വീടുകൾക്ക് കണക്ഷൻ നൽകുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ പഠനത്തിന് വൈദ്യുതി ആവശ്യമായതിനാൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികൾ ഉള്ള വീടുകൾക്ക് നിലവിലെ മാനദണ്ഡത്തിൽ ഇളവ് വരുത്തി കണക്ഷൻ നൽകാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | ഉണ്ട് . 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL ന്റെ തനതു ഫണ്ടിൽ നിന്നും നൽകി വരുന്നു. ഓൺലൈൻ പഠനത്തിനായി വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികളുള്ള ബിപിഎൽ വിഭാഗത്തിൽപ്പെട്ട വീടുകൾക്കും ഈ സൗജന്യം ബാധകമാണ്. അതോടൊപ്പം സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേക്കായി, വൈദ്യുതി എത്തിയിട്ടില്ലാത്ത ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. ഇവ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിനു വനത്തിൽ കൂടി ലൈൻ വലിച്ചു വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളി കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ 05.07.2021 ലെ ഗവണ്മെന്റ് ഉത്തരവ് G.O(Rt) No.87/2021/Power Department പ്രകാരം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗവണ്മെന്റ് ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ്- സംസ്ഥാനത്തെ ആദിവാസി കോളനികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് കർമ്മപദ്ധതി - സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ച് ഉത്തരവാകുന്നു.

**ഊർജ്ജ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.87/2021/ഊ.വ തീയതി,തിരുവനന്തപുരം, 05/07/2021

**ഉത്തരവ്**

സംസ്ഥാനത്തെ ആദിവാസി കോളനികളിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും ഇതുവരെ വൈദ്യുതി എത്താത്ത 60 കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുമായി താഴെ പറയും പ്രകാരം സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ച് ഉത്തരവാകുന്നു.

**സംസ്ഥാനതല സമിതി**

| | |
|---|---|
| സെക്രട്ടറി , ഊർജ്ജ വകുപ്പ് | കൺവീനർ |
| അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് | അംഗങ്ങൾ |
| പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ് | |
| സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് | |
| ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് | |
| ഡയറക്ടർ,അനർട്ട് | |
| ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് | |
| മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ | |

**ജില്ലാതല സമിതി**

| | |
|---|---|
| ജില്ലാ കളക്ടർ | ചെയർമാൻ |
| പ്രതിനിധി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് | കൺവീനർ |

| | |
|---|---|
| പ്രതിനിധി, പട്ടികവർഗ്ഗ വികസന വകുപ്പ് | |
| പ്രതിനിധി, തദ്ദേശസ്വയംഭരണ വകുപ്പ് | |
| പ്രതിനിധി, വനം വകുപ്പ് | } അംഗങ്ങൾ |
| സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽസെക്രട്ടറി, വനം വകുപ്പ്

സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും.

ചെയർമാൻ,കേരള സംസ്ഥാന വൈദ്യുതി ബോർഡ്

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

ഡയറക്ടർ,അനർട്ട്

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

വനം വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ